# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ഡൽഹിയിൽ തുടക്കം; ലോകനേതാക്കൾ ഇന്ത്യയിൽ; ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും.

   **18th BRICS Summit Begins in New Delhi Today; World leaders arrived in India; PM Modi to Meet Chinese President Xi Jinping.**

2. പശ്ചിമേഷ്യയിലെ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിന് ചർച്ചകളും നയതന്ത്ര ഇടപെടലുകളുമാണ് ഏക മാർഗമെന്ന് പ്രധാനമന്ത്രി.

   **The Prime Minister stated that discussions and diplomatic interventions are the only way to find a lasting solution to the crisis in West Asia.**

3. പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിയുടെ ഭാഗമായി 18 ലക്ഷത്തി 77,000 വീടുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി.

   **The Central Government has approved the construction of 18.77 lakh houses under the Pradhan Mantri Awas Yojana-Urban 2.0 scheme.**

4. ചെറുകിട, നാമമാത്ര കർഷകർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആരംഭിച്ച പ്രധാനമന്ത്രി കിസാൻ മാൻധൻ യോജന ഇന്ന് ഏഴ് വർഷം പൂർത്തിയാക്കുന്നു.

   **The Pradhan Mantri Kisan Maandhan Yojana, launched by the Central Government to ensure social security for small and marginal farmers, completes seven years today.**

5. കേരളത്തിലെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി സ്റ്റോറേജും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.

Solar Power Generation and Battery Storage System to Be Expanded in Kerala: Says Minister of Power Sunny Joseph

6. യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ന് ആര്യാന സബലേങ്ക - എലീന റൈബാക്കിന പോരാട്ടം.

Sabalenka, Rybakina Clash in US Open Women's Singles Final Today.

&&&&&&&&&&&&&&&&&&&&&&

## PM -CHINA (INTRO)

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ഡൽഹിയിൽ തുടക്കം. ഉച്ചകോടിയ്ക്കെത്തിയ ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ച നടത്തും. ഏഴു വർഷത്തിനുശേഷം ഇന്ത്യയിലെത്തുന്ന ഷി ജിൻപിങ്ങുമായി നടത്തുന്ന ഉഭയകക്ഷി ചർച്ചയിൽ പ്രാദേശിക ആഗോള വിഷയങ്ങൾ ചർച്ചയാകും.

ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രമുഖ ലോക നേതാക്കൾ തലസ്ഥാനത്തെത്തി. ഉഭയകക്ഷി യോഗങ്ങൾക്കും തിരക്കിട്ട ചർച്ചകൾക്കും വേദിയാവുകയാണ് ന്യൂഡൽഹി. വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

## PM- CHINA (VOICE)

ഇന്ത്യ ആതിഥ്യം വഹിക്കുന്ന സുപ്രധാന അന്താരാഷ്ട്ര സമ്മേളനമായ ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്നും നാളെയുമായി ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിയിൽ 11 അംഗരാജ്യങ്ങളും 10 പങ്കാളിരാജ്യങ്ങളും വിവിധ അന്താരാഷ്ട്ര സംഘടനകളുടെ 12 പ്രതിനിധികളും പങ്കെടുക്കും. ഇന്ന് ഉച്ചതിരിഞ്ഞ് ആരംഭിക്കുന്ന ഉച്ചകോടിയുടെ പ്രധാന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷത വഹിക്കും. സമഗ്രമായ ആഗോളഭരണവും ബഹുരാഷ്ട്ര സഹകരണത്തിൻറെ ശക്തിപ്പെടുത്തലും എന്ന വിഷയത്തിൽ ചർച്ച നടക്കും. ഇന്ത്യയുടെ നൂതനാശയങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും പരിചയപ്പെടുത്തുന്ന പ്രത്യേക പ്രദർശനവും ഉച്ചകോടിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

വൈകിട്ട് 4.25ന് ബ്രിക്സ് നേതാക്കൾ പ്രദർശനം സന്ദർശിക്കും. തുടർന്ന് വൈകിട്ട് 5.10ന് നേതാക്കൾ സംയുക്തമായി വൃക്ഷത്തൈ നടും. ഉച്ചകോടിയുടെ സമാപനദിനമായ നാളെ സംയുക്ത പ്രസ്താവന പുറത്തിറക്കും. ഉച്ചകോടിയോടനുബന്ധിച്ച് ഡൽഹിയിൽ കർശന സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വിശിഷ്ടാതിഥികൾ സഞ്ചരിക്കുന്ന വഴികളിൽ മറ്റ് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. ഡൽഹി വ്യോമപാതയിലും പ്രത്യേക നിയന്ത്രണങ്ങൾ നിലവിലുണ്ട്.
ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&&&

**BRICS SUMMIT-LEADERS ARRIVAL**

പതിനെട്ടാമത് BRICS ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി നിരവധി വിദേശ നേതാക്കളും ഉന്നത ഉദ്യോഗസ്ഥരും ന്യൂഡൽഹിയിൽ എത്തി. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോ, ആഫ്രിക്കൻ യൂണിയനെ പ്രതിനിധീകരിച്ച് ബുറുണ്ടി പ്രസിഡന്റ് എവാരിസ്റ്റെ എൻഡായിഷിമിയേ, അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് എൽ-സിസി, എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലി, ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ജൂനിയർ, ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ റഷ്യൻ ഉപപ്രധാനമന്ത്രി അലക്സി ഓവർചുക്ക്, തായ്ലൻഡ് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ സിഹാസാക് ഫുവാങ്കെറ്റ്കിയോ. നൈജീരിയൻ വൈസ് പ്രസിഡന്റ് കാഷിം ഷെട്ടിമ തുടങ്ങിയവരാണ് ഉച്ചകോടിയ്ക്കായി ദേശീയ തലസ്ഥാനത്ത് എത്തിച്ചേർന്ന പ്രമുഖർ. ബ്രസീൽ, ചൈന, ഈജിപ്ത്, എത്യോപ്യ, ഇന്ത്യ, ഇന്തോനേഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യു എ ഇ എന്നിവയാണ് ബ്രിക്സിലെ അംഗരാജ്യങ്ങൾ. ബെലാറസ്, ക്യൂബ, ബൊളീവിയ, കസാക്കിസ്ഥാൻ, മലേഷ്യ, നൈജീരിയ, തായ്ലൻഡ്, ഉഗാണ്ട, ഉസ്ബെക്കിസ്ഥാൻ, വിയറ്റ്നാം എന്നിവയാണ് ബ്രിക്സിന്റെ പങ്കാളിത്ത രാജ്യങ്ങൾ.

&&&&&&&&&&&&&&&&&&&&&&

## PEZESHKIAN- MODI

ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. മേഖലയിലെ സമാധാനവും സ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. പശ്ചിമേഷ്യയിലെ പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിന് ചർച്ചകളും നയതന്ത്ര ഇടപെടലുകളുമാണ് ഏക മാർഗമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. കടൽമാർഗമുള്ള ചരക്കുനീക്കത്തിൽ കപ്പൽ ജീവനക്കാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയും ഇറാനും തമ്മിലുള്ള ദീർഘകാല സാംസ്കാരിക, വ്യാപാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിവിധ മേഖലകളിലെ പരസ്പര സഹകരണം വിപുലീകരിക്കുന്നതിനും കൂടിക്കാഴ്ചയിൽ ധാരണയായി.

&&&&&&&&&&&&&&&&&&&&&&

## PM- PUTIN

ബ്രിക്സ് ഉച്ചകോടിക്കെത്തിയ റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുതിനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി വ്യാപാരം, പരസ്പര സഹകരണം, റഷ്യ-യുക്രൈൻ സംഘർഷം, പശ്ചിമേഷ്യൻ പ്രതിസന്ധി തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി. 2030-ഓടെ ഇന്ത്യ-റഷ്യ വ്യാപാരലക്ഷ്യം 10,000 കോടി ഡോളർ ആയി ഉയർത്തുന്നതും ചർച്ചയായി. യുക്രൈനുമായുള്ള സംഘർഷം അവസാനിപ്പിച്ച് സമാധാനശ്രമങ്ങൾക്ക് സഹായം നൽകാൻ ഇന്ത്യ സന്നദ്ധതയറിയിച്ചു. 24-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി റഷ്യ സന്ദർശിക്കാൻ പ്രസിഡന്റ് പുടിൻ പ്രധാനമന്ത്രിയെ ക്ഷണിച്ചു. പ്രധാനമന്ത്രി ക്ഷണം സ്വീകരിച്ചു.

&&&&&&&&&&&&&&&&&&&&&&

## PUTIN - THIRUKURAL

റഷ്യൻ പ്രസിഡൻറിന് തിരുക്കുറളിൻറെ റഷ്യൻ പരിഭാഷ സമ്മാനിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭാഷകളുടെയും അതിർത്തികളുടെയും വരമ്പുകൾ ഭേദിക്കുന്നതാണ് മഹാകവി തിരുവള്ളുവർ രചിച്ച

അനശ്വരജ്ഞാനമായ തിരുക്കുറളെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&&&

## LEADERS SESSION (INTRO)

ആഗോള അനിശ്ചിതത്വങ്ങൾ നിലനിൽക്കുമ്പോഴും, സാമ്പത്തിക വളർച്ചയ്ക്കും സ്ഥിരതയ്ക്കും ലോകത്തിന് ആത്മവിശ്വാസം പകരുന്ന രാജ്യമായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകമെമ്പാടും വ്യാപാര തടസ്സങ്ങളും നിയന്ത്രണങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, വിവിധ രാജ്യങ്ങളുമായി ചേർന്ന് പുതിയ സാമ്പത്തിക സഹകരണത്തിന്റെ പാലങ്ങൾ പണിയാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ബ്രിക്സ് ബിസിനസ് ഫോറം നേതൃസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

**(ഹോൾഡ് വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## PM-BILATERALS (RUSSIA, IRAN, UN)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായും കൂടിക്കാഴ്ച നടത്തി. നിലവിലുള്ള ആഗോള സംഘർഷങ്ങൾ, നാവിഗേഷൻ സ്വാതന്ത്ര്യം, സുസ്ഥിര വികസനം, പുനരുപയോഗ ഊർജ്ജം, ആഗോള ഭക്ഷ്യസുരക്ഷ, മനുഷ്യകേന്ദ്രീകൃത നിർമ്മിത ബുദ്ധി എന്നിവയെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. നാലാം തവണയും ബ്രിക്സ് അധ്യക്ഷപദവി ഏറ്റെടുത്തതിന് ഗുട്ടെറസ് പ്രധാനമന്ത്രി മോദിയെ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&&&&

## PMAY-U 2.0

പ്രധാനമന്ത്രി ആവാസ് യോജന-അർബൻ 2.0 പദ്ധതിയുടെ ഭാഗമായി 18 ലക്ഷത്തി 77,000 വീടുകൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ന്യൂഡൽഹിയിൽ വ്യാഴാഴ്ച ചേർന്ന സെൻട്രൽ സാങ്ഷനിങ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ ഒമ്പതാമത് യോഗത്തിലാണ് തീരുമാനം. ആസാം, ബിഹാർ, ഗുജറാത്ത്,

തെലങ്കാന, ത്രിപുര, ഉത്തർപ്രദേശ് എന്നീ ആറ് സംസ്ഥാനങ്ങളിലെ ഭവന പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

&&&&&&&&&&&&&&&&&&&&&&

## PM-KMY- 7 YEARS WITH VC

പ്രധാനമന്ത്രി കിസാൻ മാൻധൻ യോജന ഇന്ന് ഏഴ് വർഷം പൂർത്തിയാക്കുന്നു. ചെറുകിട, നാമമാത്ര കർഷകർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2019-ൽ ഇതേ ദിവസമാണ് പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രകാരം, അർഹരായ ചെറുകിട, നാമമാത്ര കർഷകർക്ക് 60 വയസ്സ് തികയുമ്പോൾ കുറഞ്ഞത് 3,000 രൂപ പ്രതിമാസ പെൻഷൻ ഉറപ്പുനൽകുന്നു.

&&&&&&&&&&&&&&&&&&&&&&

## ELECTRICITY CRISIS

കേരളത്തിൽ ചൂട് കടുത്തതോടെ വൈദ്യുതി ബോർഡിന്റെ സംഭരണികളിലെ ജലനിരപ്പ് ഗണ്യമായി കുറയുന്നു. സംസ്ഥാനത്തിന്റെ പ്രതിദിന ഉപഭോഗം 100 ദശലക്ഷം യൂണിറ്റിനോടടുക്കുകയാണ്. പുറത്തുനിന്ന് കൂടിയ അളവിൽ വൈദ്യുതി എത്തിക്കുന്നതിലും പ്രതിസന്ധി നേരിടുന്നതിനാൽ ആഭ്യന്തര ഉത്പാദനം കൂട്ടുമെന്ന് വൈദ്യുതിബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## SUNNY JOSEPH

കേരളത്തിൽ വൈദ്യുതി ലഭ്യത കുറയുകയും ആവശ്യകത വൻതോതിൽ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി സ്റ്റോറേജ് സംവിധാനം വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്. മുൻകാലങ്ങളിൽ രാത്രി 7 മണി മുതൽ 10 മണി വരെയായിരുന്നു ഏറ്റവും കൂടുതൽ വൈദ്യുതി ഉപഭോഗമെങ്കിൽ ഇപ്പോൾ രാത്രി 11 മണിക്ക് ശേഷവും അത് തുടരുകയാണ്. കേരളത്തിന് ആവശ്യമായതിന്റെ 25 ശതമാനം മാത്രമാണ് സ്വന്തമായി ഉത്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## US OPEN TENNIS

യുഎസ് ഓപ്പൺ ടെന്നിസ് വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ന് ഒന്നാം സീഡ് ആര്യാന സബലേങ്കയും രണ്ടാം സീഡ് എലെന റൈബാക്കിനയും തമ്മിൽ ഏറ്റുമുട്ടും. തുടർച്ചയായ മൂന്നാം കിരീടമാണ് സബലേങ്കയുടെ ലക്ഷ്യം. പുരുഷ സിംഗിൾസ് ഫൈനൽ നാളെ നടക്കും.

&&&&&&&&&&&&&&&&&&&&&&

## JUNIOR ASIA CUP HOCKEY

ചൈനയിലെ മോഖിയിൽ നടക്കുന്ന ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ആദ്യ സെമിയിൽ മലേഷ്യയെ വീഴ്ത്തി ഇന്ത്യൻ ജൂനിയർ പുരുഷ ടീം ഫൈനലിൽ കടന്നു. നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും. ഇന്ന് നടക്കുന്ന ജൂനിയർ വനിതാ വിഭാഗം സെമിഫൈനലിൽ ഇന്ത്യ ദക്ഷിണ കൊറിയയെ നേരിടും.

&&&&&&&&&&&&&&&&&&&&&&

## CRICKET–T20 ASIA CUP

ടി20 വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്ക നാളെ ഇന്ത്യയെ നേരിടും. ദുബായിലാണ് മത്സരം. ഇന്നലെ നടന്ന സെമിഫൈനലിൽ പാകിസ്ഥാനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ശ്രീലങ്ക ഫൈനലിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&&&&&&

## ANOOP JACOB

സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചതായി ഭക്ഷ്യ-പൊതുവിതരണ മന്ത്രി അനൂപ് ജേക്കബ്. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി താനൂർ നിയോജക മണ്ഡലത്തിലെ ഇരിങ്ങാവൂർ മീശപ്പടിയിൽ നവീകരിച്ച സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോർ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&